**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** **10-06-2024 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | 10 സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായതിൽ നേര്യമംഗലം ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിരുന്നെങ്കിലും നാളിതുവരെയായി ഫയർ സ്റ്റേഷന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി താൽക്കാലികമായി വാടക രഹിതമായി വിട്ട് നൽകുന്നതിന് തയ്യാറാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ആയതിന് നിലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതർക്ക് അഗ്നിരക്ഷാ വകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥിരമായോ/ താൽക്കാലികമായോ സ്ഥലം, കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്ന മുറക്ക് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ